ഖുത്ബ
**03.12.2004**
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധനയാണ്.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ

എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല. (51:57)

ആരാധന നടത്തിക്കാൻ അല്ലാഹുവിനെന്താണ് ആവശ്യമെന്ന്, പാശ്ചാത്യസമൂഹത്തിന് വശംവദരായിരിക്കുന്നു എന്നുതോന്നുന്ന ചിലയാളുകൾ ചോദിക്കുന്നതായി കഴിഞ്ഞദിവസം അമേരിക്കയിൽനിന്ന് ഒരാൾ എനിക്കെഴുതുകയുണ്ടായി. ഈ ചോദ്യം കാണുമ്പോൾ നഊദുബില്ലാഹ് ഭൗതികന്മാർക്ക് തങ്ങളുടെ നാമം പൊക്കിപിടിക്കുകയും തങ്ങൾക്കുമുമ്പിൽ കുനിയുകയും തങ്ങളെ വിശ്വസിക്കുകയും തങ്ങളുടെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ആവശ്യം ഉള്ളതുപോലെ അല്ലാഹുവിനും ആവശ്യമുണ്ടെന്നാണ് തോന്നിപ്പോകുന്നത്. ഈ ചിന്താഗതി വെച്ചുപുലർത്തുന്നവർ അഹ്മദിയാണോ അനഹ്മദിയാണോ ഇല്ലെങ്കിൽ തങ്ങളുടെ പരിസരത്തുള്ള കുട്ടികളാണോ എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. ഒരു പക്ഷെ, കുറച്ച് അഹ്മദികളോ അനഹ്മദികളോ ഉണ്ടാകുമെന്ന് ഞാൻ കരുതുന്നു. യുവാക്കൾ മാത്രമല്ല പ്രായമുള്ളവരും ഇത്തരം ചിന്താഗതിക്കാരായി ഉണ്ടായിരിക്കാം. നിർമതക്കാരുടെയോ അത്തരത്തിലുള്ള മറ്റുള്ളവരുടെയോ ചിന്താഗതികളിൽ ആകൃഷ്ടരായി അത്തരം വർത്തമാനം ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഇല്ലെങ്കിൽ അതിനോടാകർഷിക്കപ്പെടാറുണ്ട്. അല്ലാഹു കല്പിച്ച അഞ്ചുനേര നമസ്കാരം വലിയ ഭാരമാണെന്നാണ് അവർക്ക് തോന്നുന്നത്. ആരാധനയെ ഇങ്ങനെ നിയന്ത്രിക്കുകയോ അല്ലാഹുവിന്റെ മുമ്പിൽ നിർബന്ധമായും കുനിയുകയോ ചെയ്യുന്നതിന്റെ ആവശ്യമില്ല. തിരക്കുള്ള ഇക്കാലത്ത് ഇതുവലിയ പ്രയാസമുള്ള പണിയുമാണ്. എന്തായാലും നിരീശ്വരത്വത്തിന്റെയും ക്രിസ്തുമതത്തിന്റെയും ആകർഷണം കൊണ്ട് അത്തരക്കാർക്ക് അങ്ങനെ പറയാൻ കഴിയുകയും അവരിൽ ഇവർ പറയുന്ന കാര്യങ്ങൾ സ്വാധീനം ചെലുത്തുകയും ചെയ്യുന്നതാണ്. അല്ലാഹുവിന് ഒരുപാട് നന്ദി. പാശ്ചാത്യ ദേശത്ത് താമസിക്കുന്നവരായിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ - എവിടെയെങ്കിലുമൊക്കെ ഒന്നോ രണ്ടോ ഉണ്ടാകാമെങ്കിലും - പൊതുവെ അഹ്മദികളിൽ ആരാധനകളിൽ മടിയുള്ളവരുണ്ടാകാമെങ്കിലും ഇത്തരം വീക്ഷണഗതികൾ വെച്ചുനടക്കുന്നവരല്ല. അതായത് അല്ലാഹുവിനോട് ആരാധന നടത്തേണ്ട കാര്യമെന്താണ്, സയൻസിന്റെയും ടെക്നോളജിയുടെയും ഇക്കാലത്ത് ഇത്തരം ആരാധനാ കർമ്മങ്ങൾ നടക്കുകയില്ല, നിയന്ത്രണം പാടില്ല എന്നുള്ള ചിന്താഗതിയൊന്നും അവർക്കില്ല. ഞാൻ പറഞ്ഞതുപോലെ പൊതുവെ അത്തരക്കാരാരും ഉണ്ടാകുകയില്ല. ഇനി അഥവാ ഒന്നോ രണ്ടോ അഹ്മദികളുണ്ടെങ്കിൽ തന്നെ അതായത് ജമാഅത്തുമായി അധികം ബന്ധമില്ലാത്തവരും - ബന്ധം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കാത്തവരും, ജൽസ തുടങ്ങിയവയിൽ വരാത്തവരും ദീനീപരമായ അറിവില്ലാത്തവരുമാണ്. തങ്ങളെ വലിയ വിദ്യാസമ്പന്നരായി മനസ്സിലാക്കുന്നവരായ അവർ ഇത്തരം കാര്യങ്ങൾ പറഞ്ഞേക്കാം. തങ്ങളുടെ ചുറ്റുപാടിൽ നടക്കുന്ന ഇത്തരം സംസാരങ്ങൾ കൊണ്ട് തിന്മയുടെ വിത്ത് അവർ വിതച്ചേക്കാം. അല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ ചിലപ്പോൾ നിർമതവാദികളുടെ സ്വാധീനം ഉണ്ടാകാനിടയുണ്ട്. കാരണം തിന്മയുടെ വലയിൽ ദ്രുതഗതിയിലാണ് മനുഷ്യൻ കുടുങ്ങിപ്പോകുന്നത്. അതുകൊണ്ട് ആശങ്കയുണ്ടാകുന്നത് സ്വാഭാവികമാണ്. ഭൗതികത കൂടുതലുള്ള പാശ്ചാത്യസമൂഹത്തിൽ നടക്കുന്ന ഇത്തരം വർത്തമാനങ്ങൾ മറ്റുള്ളവരെയും കൈയിലൊതുക്കാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഈ വിഷയം എടുത്തിട്ടുള്ളത്. ശാഖാ സംഘടനകളായ ഖുദ്ദാമുൽ അഹ്മദിയ്യായുടെയും ലജ്നാ ഇമാഇല്ലായുടെയും ഉത്തരവാദിത്വമാണ് അവരുടെ പരിധിക്കുള്ളിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് നിരീക്ഷിച്ചുകൊണ്ടിരിക്കുകയെന്നത്. അഹ്മദിയെന്ന് പറയുന്നവരിലേക്ക് പൊതുവെ അവരുടെ ശ്രദ്ധ എത്തിപ്പെടേണ്ടതാണ്. അകന്നുകഴിയുന്ന ചെറുപ്പക്കാരെ അടുത്തുകൊണ്ടുവരേണ്ടതാണ്; ഇത്തരം വിചാരങ്ങൾ അവരുടെ മനസ്സിൽനിന്ന് പുറത്തുപോകുന്നതിനുവേണ്ടി.

ഞാൻ പാരായണം ചെയ്ത വചനത്തിന്റെ അർത്ഥവും നിങ്ങൾ കേട്ടുകഴിഞ്ഞു. 'ഞാൻ ജിന്നിനെയും ഇൻസിനെയും എന്നെ ആരാധിക്കുന്നതിനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെ'ന്നാണ് അല്ലാഹു വ്യക്തമായും പറഞ്ഞിരിക്കുന്നത്. എന്നാൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ജിന്നും ഇൻസുമെല്ലാം തീർച്ചയായും അവരുടെ സൃഷ്ടിപ്പുമുതൽ തന്നെ അവനെ ആരാധിക്കുന്നവനായിരിക്കണം എന്ന ബന്ധനമൊന്നും ഇവിടെയില്ല. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ആരാധകരാകുക എന്നത് തന്നെയായിരുന്നിട്ടും ചുറ്റുപാടുകളിൽനിന്ന് ഫലമെടുക്കുവാൻ

അവർക്ക് അനുവാദം നല്കപ്പെട്ടിരിക്കുന്നു. ഞാൻ പറയുകയുണ്ടായി, അതിനോടൊപ്പം ശയ്ത്വാനും സർവസ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. പരിസരങ്ങൾക്കും തുറന്ന സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. അതും ആകർഷിക്കപ്പെടാവുന്നതാണ്. പറഞ്ഞു: എന്നാൽ, എന്റെ ദാസനാകാനും എന്റെ സാമീപ്യം പ്രാപിക്കാനും ആഗ്രഹിക്കുന്നവർ, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ആരാധനാകർമ്മങ്ങളനുഷ്ഠിക്കണമെന്ന കാര്യം ഏതു പരിതസ്ഥിതിയിലും ഓർമ്മവയ്ക്കുന്നതാണ്. ഒരു മുസൽമാന് ആരാധനയുടെ രീതി നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളതാണ്. നബി (സ) തിരുമേനി കൊണ്ടുവന്ന ശരീഅത്തനുസരിച്ച് നാം മുന്നോട്ടുപോകേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളെ മനസ്സിലാക്കിക്കൊണ്ട് ആ മഹാത്മാവ് പഠിപ്പിച്ചിട്ടുള്ളതുപോലെ ആരാധന നടത്തേണ്ടതാണ്. ഏതു സമയമാണോ പറഞ്ഞിട്ടുള്ളത് ആ സമയത്ത് ആരാധന നടത്തേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ മുസ്‌ലിമെന്ന് പറയാനും നമുക്കവകാശമില്ല. അല്ലാഹുവിന്റെ ദാസരാണെന്ന് പറയാനും അവകാശമുണ്ടാവുകയില്ല. അപ്പോൾ പിന്നെ ശയ്ത്വാന്റെ ദാസരെന്നായിരിക്കും പറയപ്പെടുക. പക്ഷെ അത്തരം ചിന്താഗതിക്കാർക്ക് - മുസ്‌ലിംകളാണെങ്കിൽ തീർച്ചയായും മുസ്‌ലിം വീടിന്റെ സ്വാധീനം അവരുടെ മേൽ ഉണ്ടാകും, അഹ്മദിയാണെങ്കിൽ അതിനെക്കാൾ കൂടുതൽ ഇസ്‌ലാമിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്ന ഈമാനുള്ളവരുടെ വീടിന്റെ സ്വാധീനമുണ്ടാകും. കാരണം ആ ചുറ്റുപാടിലാണ് അവർ വളർന്നുവന്നത് എന്നതുകൊണ്ട് - എപ്പോഴെങ്കിലും പ്രയാസങ്ങൾ നേരിട്ടാൽ, ഏതെങ്കിലും നാശത്തിൽ അകപ്പെട്ടാൽ ആരാധനയെ ആക്ഷേപിക്കുന്നവരായിട്ടും ദുആയിലേക്ക് അവരുടെ ശ്രദ്ധ തിരിയുകയും ദുആ ചെയ്യാൻ പറയുകയും ചെയ്യും. അതായത് അവരുടെ മനസ്സിൽ ആരാധനയെക്കുറിച്ച് സൽഭാവനകളുമുണ്ട്, പ്രയാസങ്ങളുള്ള നേരത്ത് അല്ലാഹുവിന്റെ മുമ്പിൽ കുനിയണമെന്ന ബോധവുമുണ്ട്. പക്ഷെ അഞ്ചുനേരം നമസ്കരിക്കുകയെന്നത് അവർക്ക് ഭാരമാണ്. അതുകൊണ്ട് ആരാധനയുടെ നിർവചനം സ്വയേഷ്ടപ്രകാരം നല്കാനാഗ്രഹിക്കുന്നു. അതിൽനിന്ന് തെന്നിമാറാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ പറഞ്ഞതുപോലെ, അഹ്മദിയെന്ന് പറയുന്നുവെങ്കിൽ, മുസ്‌ലിമെന്ന് പറയുന്നുവെങ്കിൽ ആരാധനയുടെ നിർവചനം, നബി(സ) തിരുമേനി കാണിച്ചുതന്നതു തന്നെയാണ്. ഇക്കാലത്താണെങ്കിൽ അഹ്മദികൾക്ക് പ്രത്യേകിച്ചും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ മാതൃകകളെയും വിശുദ്ധഖുർആനെയും ശരിയായ നിലയിൽ മനസ്സിലാക്കി ഇതിന്റെ വ്യാഖ്യാനം നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ കല്പനകളെ മനസ്സിലാക്കുന്നതിനും ഇതിൽ നിയന്ത്രണം പാലിക്കുന്നതിനും വേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) മനസ്സിലാക്കിതന്ന വഴിയിലൂടെ പ്രവർത്തിക്കുകയും ആ വഴിയിലൂടെ സഞ്ചരിക്കുകയും ചെയ്യേണ്ടിവരും. ഈ വഴിയിലൂടെ സഞ്ചരിച്ചുകൊണ്ട് നന്മകളിലും ആരാധനാരീതികളിലും നമുക്ക് നിലകൊള്ളാനും കഴിയും.

അവിടന്ന് പറയുന്നു: മനുഷ്യൻ സഹജമായി അല്ലാഹുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടു. അവൻ പറഞ്ഞു. '*മാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസാ ഇല്ലാ ലിയഅ്ബുദൂൻ*'. അതുകൊണ്ട് അല്ലാഹുതആല അവന്റെ പ്രകൃതിയിൽതന്നെ എന്തോ ചിലത് വെച്ചിരിക്കുന്നു. മറഞ്ഞതിൽ മറഞ്ഞിരിക്കുന്ന കാരണങ്ങളെകൊണ്ട് അവനെ തനിക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുതആല നിങ്ങളുടെ സൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യമായി പറയുന്നത് നിങ്ങൾ അവനെ ആരാധിക്കുകയെന്നതാണ്. എന്നാൽ, ആരാണോ തങ്ങളുടെ യഥാർത്ഥവും സഹജവുമായ ഇക്കാര്യത്തെ ഉപേക്ഷിച്ചുകൊണ്ട് പക്ഷികളെപ്പോലെ കേവലം തിന്നുക, കുടിക്കുക, ഉറങ്ങുകയെന്നത് മാത്രമാണ് തങ്ങൾക്ക് ജീവിതമെന്ന് മനസ്സിലാക്കുന്നത് അവർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അകന്നുപോയി വീഴുന്നു. അവരെ സംബന്ധിച്ച് അല്ലാഹുവിന്റെ ഉത്തരവാദിത്വം അവശേഷിക്കുന്നില്ല. ഉത്തരവാദിത്വമുള്ള ജീവിതം, '*മാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസാ ഇല്ലാ ലിയഅ്ബുദൂൻ*' എന്നതാണ്. (അതായത് അല്ലാഹുവിന്റെ ഉത്തരവാദിത്വം നിലനില്ക്കുന്നത് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുവോളം മാത്രമാണ്, അവനെ ആരാധിക്കുവോളം മാത്രമാണ്.)

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഉത്തരവാദിത്വമുള്ളജീവിതമെന്നത് '*മാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസാ ഇല്ലാ ലിയഅ്ബുദൂൻ*' എന്നതിൽ വിശ്വസിച്ചുകൊണ്ട്, ജീവിതത്തിന്റെ ദിശ മാറ്റുകയെന്നതാണ്. മരണമെപ്പോൾ വരുമെന്ന് നിശ്ചയമില്ല. നിങ്ങളെ സൃഷ്ടിച്ചതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം, നിങ്ങളെ അവനെ ആരാധിക്കുകയും അവന്റേതായിത്തീർക്കുകയും ചെയ്യുകയെന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കുക. ഭൗതികത നിങ്ങളുടെ അടിസ്ഥാനലക്ഷ്യമാകരുത്. അതുകൊണ്ടാണ് ഇക്കാര്യം ഞാൻ ആവർത്തിച്ചാവർത്തിച്ച് നിങ്ങളോട് പറയുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഈ ഒരു കാര്യം മാത്രമാണുള്ളത്, ഇതിനായിട്ടാണ് മനുഷ്യൻ വന്നിട്ടുള്ളത്. ഇതിൽനിന്നുമാണ് അവൻ അകന്നുപോയികിടക്കുന്നതും. നിങ്ങൾ ഭൗതികമായ കൃഷിവ്യാപാരാദികൾ ഉപേക്ഷിക്കണമെന്ന് ഞാൻ പറയുന്നില്ല. ഭാര്യാമക്കളിൽനിന്ന് അകന്ന് ഏതെങ്കിലും കാട്ടിലോ മലയിലോ പോയിരിക്കാനും പറയുന്നില്ല. ഇസ്‌ലാമിതൊന്നും അനുവദിക്കുന്നുമില്ല. സന്യാസം ഇസ്‌ലാമിന്റെ ഉദ്ദേശ്യമല്ല. ഇസ്‌ലാം മനുഷ്യനെ മടിയില്ലാത്തവനും സമർത്ഥനും എന്തിനും സന്നദ്ധനുമാക്കുവാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ട്, നിങ്ങൾ നിങ്ങളുടെ കൃഷിവ്യാപാരാദികൾ കഠിനപ്രയത്നത്തോടെ ചെയ്യാൻ ഞാൻ നിങ്ങളോട് പറയുന്നു. ഭൂമിയുള്ളവൻ അതിനെക്കുറിച്ച് ചിന്തിക്കാതിരുന്നാൽ അവന് പ്രതിഫലമുണ്ടെന്ന് ഹദീസിൽ വന്നിരിക്കുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതികമായ കൃഷിവ്യാപാരാദികളിൽ നിന്ന് വേറിടുക എന്നതാണെന്ന് ആരെങ്കിലും മനസ്സിലാക്കിയാൽ അവന് തെറ്റ് പറ്റിയിരിക്കുന്നു. അങ്ങനെയല്ല യഥാർത്ഥ കാര്യം എന്താണെന്നുവച്ചാൽ നിങ്ങളുടെ പ്രവർത്തികളിലെല്ലാം നിങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയാണോ എന്ന് നിങ്ങൾ നോക്കണമെന്നാണ്. അവന്റെ ഉദ്ദേശ്യങ്ങളിൽനിന്ന് പുറത്തു കടന്ന് സ്വന്തം ഉദ്ദേശ്യങ്ങൾക്കും വികാരങ്ങൾക്കും മുൻതൂക്കം കൊടുക്കാൻ പാടില്ല.

നിങ്ങളുടെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയെന്നത് മാത്രമാണെന്നും അവിടന്ന് വിശദീകരിച്ച് പറഞ്ഞിരിക്കുന്നു. കാരണം ഇത് ശരിയായിട്ടുള്ള പ്രകൃതിയാണ്. അത് മനുഷ്യന്റെ പ്രകൃതിയാണ്. അത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അവന്റെ സ്രഷ്ടാവിന്റെ മുമ്പിൽ കുനിയുന്നതിനു വേണ്ടിയാണ്. എന്നാൽ, അവനെ ആരാധിക്കുകയോ അവന്റെ മുമ്പിൽ പ്രണമിക്കുകയോ ചെയ്യുന്നില്ലെങ്കിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ മനുഷ്യനെ സഹായിക്കുവാനോ അവന്റെ മേൽ അനുഗ്രഹം ചൊരിയുവാനോ അവൻ ബാദ്ധ്യസ്ഥനല്ല. അവന്റെ അനുഗ്രഹമുണ്ടാകണമെങ്കിൽ അവനെ ആരാധിക്കേണ്ടി വരുന്നതാണ്.

പറഞ്ഞു: നിങ്ങളുടെ ഭൗതികമായ ജോലി ഇടപാടുകളുണ്ട്. അതും ചെയ്യുക, ഉദ്യോഗവും നോക്കുക, വ്യാപാരങ്ങളും നടത്തുക, കൃഷിക്കാരെണെങ്കിൽ കൃഷിയും ചെയ്യുക. പക്ഷെ നിങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയെന്നത് മാത്രമായിരിക്കേണ്ടതാണ്. അവന്റെ തൃപ്തി കുടിക്കൊള്ളുന്നത് അവനെ ആരാധിക്കുന്നതിലാണ്. അല്ലാഹുവിന്റെ തൃപ്തി അവനെ ആരാധിക്കുന്നതിലാണ്. ഭൗതികമായ ഇടപാടുകളിലും ഇതുകാണാം. ഒരു സാധനത്തിന്റെ ഉടമ, തന്റെ ഇഷ്ടം പോലെ അതിനെ വിനിയോഗിക്കുന്നു. അവൻ തന്റെ ഇഷ്ടമനുസരിച്ചായിരിക്കും അതുപയോഗിക്കുന്നത്. തൊഴിലാളികളെ നിയമിച്ചാൽ, താൻ പറയുന്ന രീതിയിൽ തൊഴിലെടുക്കണമെന്ന് മുതലാളി കല്പിക്കും. മറ്റാരും പറയുന്നത് കേൾക്കരുതെന്നും പറയും. ഇങ്ങനെ വരുമ്പോൾ, സർവലോകപരിപാലകനും ഉടമസ്ഥനും ആരാധ്യനുമായ അല്ലാഹു പറഞ്ഞകാര്യങ്ങൾ അംഗീകരിക്കുന്നതിൽ നാം എന്തിനാണ് ആക്ഷേപം ഉന്നയിക്കുന്നത്? ഇതു സംബന്ധമായി ചിലകാര്യങ്ങൾ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിശദീകരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു. അല്ലാഹു തന്നെ മാത്രം ആരാധിക്കുന്നതിനുവേണ്ടി മനുഷ്യനെ സൃഷ്ടിച്ചുവെന്നും അതിന്റെ പിന്നിൽ എന്തോ ആഗ്രഹം മറഞ്ഞിരിപ്പുണ്ടെന്നും ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടിയും കൂടിയാണിത്. പറയുന്നു: അല്ലാഹു മനുഷ്യനെ തന്നെ ആരാധിക്കാൻ വേണ്ടിമാത്രം സൃഷ്ടിച്ചുവെന്ന അധ്യാപനം പ്രത്യക്ഷത്തിൽ സ്വാർത്ഥതാപരമെന്ന് തോന്നാവുന്നതാണ്. ഇതുകാണുമ്പോൾ അല്ലാഹു മനുഷ്യന്റെ ആരാധനയ്ക്ക് ആശ്രിതനാണെന്ന് തോന്നിപ്പോകും. എന്നാൽ, വിശുദ്ധഖുർആനിൽ ചിന്തിക്കുമ്പോൾ യാഥാർത്ഥ്യം തികച്ചും അതിനു വിരുദ്ധമായിട്ടാണ് കാണുന്നത്. കാരണം അല്ലാഹു മനുഷ്യന്റെ ആരാധനയ്ക്ക് ആശ്രിതനല്ലെന്ന് വിശുദ്ധഖുർആൻ വിശദീകരിച്ചു പറയുന്നു. സൂറ അൻകബൂത് ഒന്നാമത്തെ ഖണ്ഡികയിൽ പറയുന്നു:

وَمَنْ جَاهَدَ فَإِنَّمَا يُجَاهِدُ لِنَفْسِهِ ۚ إِنَّ اللَّهَ لَغَنِيٌّ عَنِ الْعَالَمِينَ ۝

(29:7)

അതായത് ആത്മീയ ഉന്നമനത്തിനുവേണ്ടി ഏതെങ്കിലും രീതിയിലുള്ള പ്രയത്നം ആരെങ്കിലും ചെയ്യുന്നതായാൽ, അവൻ തന്റെ സ്വന്തം ആത്മാവിന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ് പ്രയത്നിക്കുന്നത്. അല്ലാഹു തആല ഒരു സൃഷ്ടിയുടേയും അവരുടെ കർമ്മങ്ങളുടേയും ആശ്രയം വേണ്ടാത്തവനാണ്. അല്ലാഹു ആശ്രയരഹിതനാണ്. അവന് ഒരു തരത്തിലുള്ള ആവശ്യവുമില്ല. മനുഷ്യൻ എന്തു ചെയ്യുന്നു, ചെയ്യുന്നില്ല എന്നതൊന്നും അവന് പ്രശ്നമല്ല. മനുഷ്യൻ ചെയ്യുന്നതെ ല്ലാം അവന്റെ തന്നെ ഗുണത്തിനു വേണ്ടിയാണ്. ഇപ്രകാരം തന്നെ സൂറ ഹുജുറാത്തിൽ പറയുന്നു:

'*ഖുൽല്ലാ തമുന്നൂ അലയ്യ ഇസ്‌ലാമക്കും ബലില്ലാഹു യമുന്നു അലയ്ക്കും അൻഹദാക്കും*' *(49:18)*

നിങ്ങൾ ഇസ്‌ലാം മതം സ്വീകരിച്ചത് നബി (സ) യോടുചെയ്ത ഔദാര്യമല്ല. മറിച്ച് അല്ലാഹു നിങ്ങളോട് ചെയ്ത ഔദാര്യമാണ്. ജനങ്ങളുടെ അഭിവൃദ്ധിയ്ക്കും വിജയത്തിനും കാരണമാകുന്ന വഴികൾ അവൻ നിങ്ങൾക്കുപറഞ്ഞുതന്നു. വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ആരാധന എന്നത് മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ്. അതിനുകാരണം, ആരാധന എന്നുപറയുന്നത് ബാഹ്യമായ കുറച്ച് ചേഷ്ടകളുടെ പേരല്ല. പ്രത്യുത മനുഷ്യനെ അല്ലാഹുവിന്റെ സവിശേഷഗുണങ്ങളുടെ പ്രതീകമാക്കിത്തീർക്കുന്ന ബാഹ്യവും ആന്തരീകവുമായ എല്ലാ പരിശ്രമങ്ങളുടെയും പേരാണത്. എന്തുകൊണ്ടെന്നാൽ, അബ്ദ് എന്നതിന്റെ അർത്ഥംതന്നെ, യഥാർത്ഥത്തിൽ ആരുടെയെങ്കിലും രൂപത്തെ സ്വീകരിക്കുകയും പൂർണ്ണമായ നിലയിൽ അവരുടെ ഇഷ്ടമനുസരിച്ച് നടക്കുകയും ചെയ്യുക എന്നതാണ്. ഒരാൾ പൂർണ്ണമായും അല്ലാഹുവിന്റെ ഇഷ്ടത്തിനു വിധേയനായി നടന്നാൽ, ദൈവിക ഗുണങ്ങളെ സ്വായത്തമാക്കിയാൽ ഔന്നത്യത്തിന്റെ ഉന്നതനില പ്രാപിക്കുമെന്നത് വ്യക്തമാണ്. അതുകൊണ്ട്

ഇക്കാര്യം അവനു ഫലപ്രദം തന്നെയാണ്; അല്ലാതെ അല്ലാഹുവിനുവേണ്ടിയല്ല. ആദമിനെ അല്ലാഹു തന്റെ രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നുവെന്ന് ബൈബിൾ പറഞ്ഞതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. അതു സൂചിപ്പിക്കുന്നത്, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ സിഫത്തുകൾ അഥവാ ഉൽകൃഷ്ട സ്വഭാവങ്ങൾ മനുഷ്യൻ തന്റെ ഉള്ളിൽ സൃഷ്ടിക്കുക എന്നതാണ്; അല്ലാഹു എല്ലാ രൂപങ്ങളിൽനിന്നും പരിശുദ്ധനാണ്.

ആരാധിക്കാൻ ശക്തി ചെലുത്തിയതിന്റെ ഉദ്ദേശ്യം, അല്ലാഹുവിനെ നിങ്ങളുടെ കണ്ണിന്റെ മുമ്പിൽ വയ്ക്കുക എന്നതുമാത്രമാണ്. കാരണം പൂർണ്ണമായ പടം ഒപ്പിയെടുക്കാൻ കഴിയുന്നത് അതിന്റെ ചിത്രം മനസ്സിലുണ്ടാകുമ്പോൾ മാത്രമാണ്. അല്ലാഹുവിന്റെ സിഫത്തുകളെ മുന്നിൽവയ്ക്കുകയും, അവന്റെ ചിത്രം മനസ്സിൽ സ്വരുകൂട്ടുകയും ചെയ്യുന്നതിന്റെ പേരാണ് ആരാധന. ഇതിൽ മനുഷ്യനുതന്നെയാണ് നേട്ടം, അല്ലാഹുവിനല്ല.

ഒരു ഹദീസും ഈ വിഷയത്തിലേക്ക് സൂചന നല്കുന്നുണ്ട്. അതിൽ പറയുന്നു. അല്ലാഹുവിന്റെ റസൂലേ, മൽഇഹ്സാൻ (പൂർണ്ണമായ ആരാധന) എന്താണെന്ന് ഒരാൾ നബി(സ) യോടു ചോദിച്ചു. അവിടന്ന് പറഞ്ഞു. '*നഅ്ബുദുല്ലാഹ കഅന്നക്ക തറാഹു*'. അല്ലാഹുവിനെ കാണുന്നു എന്നതുപോലെ നീ അവനെ ആരാധിക്കുക. അതായത് എല്ലാ സിഫത്തുകളോടും കൂടി നിന്റെ മുമ്പിൽ അവൻ നില്ക്കുന്നു എന്ന നിലയിൽ ആരാധിക്കുക.

അല്ലാഹു തന്റെ ദാസരെ അനുഗ്രഹിക്കുന്നതിനുവേണ്ടിയാണ് ആരാധിക്കാൻ കല്പിക്കുന്നത്. അത് മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ് നൽകുന്നത്. ഇതു സംബന്ധമായി മറ്റൊരിടത്ത് ഈ വിഷയം ഇങ്ങനെ പ്രതിപാദിക്കുന്നുണ്ട്.

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قَلِيلًا
مَّا تَذَكَّرُونَ

(27:63)

"ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമെ ഉപദേശം സ്വീകരിക്കുന്നുള്ളു."

ഞാൻ വിവരിച്ചുവന്നതാണ്. ആരാധനയ്ക്കെതിരിൽ സംസാരിക്കുകയും ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നവർക്കും ഗതിമുട്ടുമ്പോൾ ദുആ ഓർമവരും. അവരെക്കുറിച്ച് പറയുന്നു: കൊടുങ്കാറ്റിലകപ്പെടുമ്പോൾ അവർ നെഞ്ചത്തടിച്ച് നിലവിളിക്കാൻ തുടങ്ങുന്നു. ആ കൊടുങ്കാറ്റ് നീങ്ങി വഞ്ചി കരയ്ക്കണയുമ്പോൾ, നിഷേധികളായിത്തീരുന്നു.

പറഞ്ഞു: അല്ലാഹുതന്നെയാണ് ഇത്തരം ഗതിമുട്ടിയവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നവർ, ബുദ്ധിമുട്ടുകൾ അകറ്റുന്നവൻ. ഈ കാഴ്ച ഈ കാലത്ത് നാം കണ്ടുകഴിഞ്ഞതാണ്. ഈ ദുആ ചെയ്തവർ ലോകത്ത് ഭരണം നടത്തി. അല്ലാഹു അവരെ ഭൂമിയുടെ അവകാശികളാക്കി. അതുകൊണ്ട് നിങ്ങൾക്കുമുള്ള കല്പന ഇതുതന്നെയാണ്. ആരാധനാകർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ പാരിതോഷികത്തിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നതാണ്.

നിങ്ങൾ പരിശോധിച്ചു നോക്കുക, ആരാധനയുടെ നിലവാരം കുറയാൻ തുടങ്ങിയപ്പോൾ പതുക്കെ പതുക്കെ മറ്റുള്ളവർക്ക് മുസ്‌ലിംകളെക്കുറിച്ചുണ്ടായിരുന്ന ആദരയുക്തമായ ഭയവും (റുഅ്ബ്) ഇല്ലാതായി. ഇന്ന് എല്ലാ ശാക്തിക ജനതകളും, അവർക്കുതോന്നിയ രീതിയിലാണ് മുസ്‌ലിംകളോടു പെരുമാറുന്നത്. ലോകം മുഴുവൻ ഇതു കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ പൂർവികർ ചെയ്തിരുന്ന ആരാധനകളുടെ ഫലമായിട്ടായിരുന്നു ആ അനുഗ്രഹങ്ങളെല്ലാം നമുക്കു കിട്ടിയിരുന്നതെന്ന കാര്യം ഓർമ്മിക്കുക. സ്വഹാബത്ത് ആരാധനകൾ അനുഷ്ഠിച്ചിരുന്ന കാരണത്താലാണ് അവർക്ക് വിജയമുണ്ടായത്. നാം ആരാധനാകാര്യങ്ങളിലേക്ക് ശ്രദ്ധിക്കുകയാണെങ്കിൽ ഈ അനുഗ്രഹം ഇപ്പോഴും കിട്ടുന്നതാണ്, കിട്ടിക്കൊണ്ടിരിക്കുന്നതാണ്. ഈ ഭൗതിക ലോകത്ത് അല്ലാഹുവിനെക്കൂടാതെ മറ്റാരെയെങ്കിലും ആരാധിച്ച്, നിങ്ങളുടെ കളഞ്ഞുപോയ പൈതൃക സ്വത്ത് നേടാമെന്ന് കരുതുന്നുവെങ്കിൽ, അതുവെറും മിഥ്യാവിചാരമാണ്. എന്നാൽ, ഭൗതികതയും സുഖലോലുപതയും നിങ്ങളെ എത്രമാത്രം സ്വാധീനിച്ചിരിക്കുന്നുവെന്നാൽ, ഇതെന്താണ് സംഭവിക്കുന്നതെന്ന് ചിന്തിക്കാൻ പോലും നിങ്ങൾക്കവസരം കിട്ടുന്നില്ല എന്നതാണ് ദുഷ്ക്കരം. നിങ്ങളാണെങ്കിൽ ഇതിനെക്കുറിച്ച് ചിന്തിക്കാനും മുതിരുന്നില്ല. മുസ്‌ലിം ഭരണാധികാരികൾക്ക് ഈ വശത്തേക്ക് ചിന്തിക്കാൻ ഒഴിവുപോലുമില്ല. അവരോട്ട് ചിന്തിക്കാനാഗ്രഹിക്കുന്നുമില്ല. ഇതെല്ലാം ഞാൻ പറഞ്ഞതുപോലെ, ഈ ഭൗതികതയും, ഈ ആരാധനയിലുള്ള കുറവുമാണ് മുസ്‌ലിം സമുദായത്തെ ഈ അവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചത്. അതുകൊണ്ട്, അല്ലാഹുവിന് ആരാധനകൊണ്ട് എന്ത് നേട്ടം എന്നു ചോദിക്കുന്നതിനുപകരം, ആരാധന പ്രയാസമാണെന്ന് പറയുന്നതിനുപകരം, ഇക്കാലത്ത് ഇങ്ങനെ ആരാധന സാധിക്കുകയില്ല എന്നു കരുതുന്നതിനുപകരം, ഈ കളഞ്ഞുപോയ അന്തസ്സ് വീണ്ടും കരസ്ഥമാക്കാനാഗ്രഹിക്കുന്നെങ്കിൽ ആരാധനയിലേക്ക് ശ്രദ്ധിക്കാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാനും ഓരോ അഹ്മദീ മുസൽമാനും മറ്റ് മുസ്‌ലിംകൾക്ക് മനസ്സിലാക്കിക്കൊടുക്കുക. ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കുക. കാരണം

മുസ്‌ലിം എന്നു പറഞ്ഞുകൊണ്ട്, അല്ലാഹുവിനെ ആരാധിക്കാതെ നമുക്കൊരിക്കലും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകാൻ പറ്റുകയില്ല. ഓർമിക്കുക. ഇതുതന്നെയാണ് മുസ്‌ലിംകളുടെ തേജോവിലാസം. ഇതുതന്നെയാണ് ഒരു അഹ്‌മദിയുടെ തേജോവിലാസവും അടയാളവും ആയിരിക്കേണ്ടതും, ആയിരിക്കുന്നതും. അതായത് അല്ലാഹുവിനെ ആരാധിക്കുന്നവരായിരിക്കുക. ഈ ആരാധനകൾ തന്നെയാണ് വിനയം വളർത്തുന്നത്. ഈ വിനയം തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ അവസരമൊരുക്കുന്നത്. അല്ലാഹു അവർക്ക് തന്റെയടുത്ത് ഇടം നല്കുന്നതാണ്. അവനിൽനിന്ന് അനുഗ്രഹവും ലഭിക്കും. അതുകൊണ്ട് ചിന്തിക്കുക. ഈ അനുഗ്രഹം ലഭിക്കുന്നത് വിനയാന്വിതനായിക്കൊണ്ട് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിൽ മാത്രമാണെന്ന കാര്യവും ഓർക്കുക. അവർക്കുമാത്രമാണ് ഇത് ലഭിക്കുന്നത്.

ആരാധനകൾ അനുഷ്ഠിക്കുന്നവർ ക്ഷീണിച്ചുപോകുകയില്ല. അക്ഷമരും ആകുകയില്ല. അഞ്ചുനേരനമസ്കാരം പ്രയാസമാണെന്നും അവർ പറയുകയില്ല. മറിച്ച് തങ്ങളുടെ സൃഷ്ടിഉദ്ദേശ്യം തിരിച്ചറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കും. അവൻ പറയുന്നു:

وَلَهُ مَن فِي السَّمَاوَاتِ وَالْأَرْضِ وَمَنْ عِندَهُ
لَا يَسْتَكْبِرُونَ عَنْ عِبَادَتِهِ وَلَا يَسْتَحْسِرُونَ (21:20)

"ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അവനുള്ളവർ തന്നെയാണ്. അവന്റെ അടുക്കലുള്ളവർ അവനെ ആരാധിക്കുന്നതിൽ അഹങ്കാരത്തോടെ പ്രവർത്തിക്കുകയില്ല; അവർ ക്ഷീണിക്കുകയുമില്ല."

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുമ്പോൾ വേറെ ആരെയെങ്കിലും ശ്രദ്ധിക്കാൻ അവനെക്കാൾ വലിയവൻ വേറെയാരാണുള്ളത്? ആരിൽനിന്നാണോ കൂടുതൽ ഫലം ലഭിക്കുമെന്ന് കാണുന്നത്, അവനിലേക്കായിരിക്കും ഓരോ ബുദ്ധിമാനും പോകുന്നത്. ഭൗതികമായ കാര്യങ്ങളിൽ ഓരോരുത്തരും നേട്ടം നോക്കാറുണ്ട്. എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ ഈ ഭാഗത്തേക്ക് ദൃഷ്ടി പോകുന്നില്ല. വാസ്തവത്തിൽ വ്യക്തമായ നിലയിൽ 'എല്ലാ നേട്ടവും എന്നിൽനിന്നാണ് നിങ്ങൾക്കുണ്ടാകേണ്ടതെ'ന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് എന്റെ മുമ്പിൽ കുനിയാനും എന്നെ ആരാധിക്കാനും അഹങ്കാരം ഉപേക്ഷിക്കാനും പറഞ്ഞിരിക്കുന്നു.

അല്ലാഹുവിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് ഇതുണ്ടാകാത്തത്? അല്ലാഹു സ്വാതന്ത്ര്യം നല്കിയതുകൊണ്ടാണത്. തന്നെ ആരാധിക്കാത്തവരേയും, തന്നോടു പങ്കുചേർക്കുന്നവരെയും മിക്കപ്പോഴും പെട്ടെന്ന് പിടിച്ച് അവൻ ശിക്ഷിക്കാറില്ലെന്ന് അറിയാം. തുറന്ന സ്വാതന്ത്ര്യമാണ് നല്കപ്പെട്ടിരിക്കുന്നത്. നിങ്ങളാഗ്രഹിക്കുന്നെങ്കിൽ എന്നിലേക്കുവരാം. ഇല്ലെങ്കിൽ ശയ്ത്വാനിലേക്ക് പോകാം. പക്ഷെ, ശയ്ത്വാനിലേക്ക് പോയാൽ എന്റെ അനുഗ്രഹങ്ങൾ കിട്ടുകയില്ല. എന്നുമാത്രമല്ല ഈ ദുനിയാവിലും ചിലപ്പോൾ പിടിക്കപ്പെടാം. എന്തായാലും പരലോകത്ത് പിടിക്കപ്പെടുമെന്ന് ഉറപ്പാണെന്നും പറഞ്ഞു.

ഉടമസ്ഥൻ വ്യക്തമാക്കിയിട്ടുള്ള നിയമങ്ങൾ പാലിക്കാത്തവന് ശിക്ഷ കൊടുക്കാൻ ഉടമസ്ഥന് അവകാശമുണ്ട്. എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ ചില 'ബുദ്ധിമതികൾ' പറയുന്നത് ശിക്ഷിക്കാൻ അവകാശമുണ്ടാകരുതെന്നും, ഇഷ്ടമുള്ളതു ചെയ്യാനും ചെയ്യാതിരിക്കാനും സ്വാതന്ത്ര്യമുണ്ടാകണമെന്നുമാണ്. സ്വതന്ത്ര്യം എന്തായാലും ഉണ്ട്. എന്നാൽ ഉടമസ്ഥനെന്ന നിലയിൽ അവന് ശിക്ഷിക്കാനും അവകാശമുണ്ട്.

മനുഷ്യനെ സൃഷ്ടിച്ചത് ആരാധിക്കാനാണെന്ന നിയമം തെറ്റാണെന്നും ആരോപണം ഉന്നയിക്കുന്നു. ഇതുകൊണ്ട് അല്ലാഹു, തനിക്കുവേണ്ടിയുള്ള ആരാധന ബലാൽക്കാരപൂർവം ചെയ്യിക്കാനാണത്രെ ആഗ്രഹിക്കുന്നത്. വാസ്തവമെന്താണെന്നുവെച്ചാൽ ഇതെല്ലാം ചെയ്യിച്ചിട്ട് അല്ലാഹു തന്റെ അനുഗ്രഹം നല്കുകയാണ് ചെയ്യുന്നത്. ബലാൽക്കാരിയായ ഭരണാധികാരിയെപോലെ, എന്തുതന്നെയായാലും ഇതു ചെയ്തേ പറ്റു എന്ന് അവൻ പറയുന്നില്ല. അവൻ അനുഗ്രഹങ്ങൾ നല്കുന്നുവെന്ന് മാത്രമല്ല ആരാധനാ കർമ്മങ്ങളിൽ എളുപ്പമായ മാർഗ്ഗവും പറയുന്നുണ്ട്. യാത്രയിലും രോഗിയായിരിക്കുമ്പോഴും, നോമ്പനുഷ്ഠാനത്തിലും നമസ്കാരത്തിലും ഒരുപാട് ഇളവുകളുണ്ട്. ഇതിൽ ബലാൽക്കാരമെന്ന ഭാവന നിശ്ചയിച്ചുറപ്പിക്കുന്നതിനുപകരം, മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ദയ അവന് കാണാൻ കഴിയുന്നതാണ്. അങ്ങനെ അവനെ സ്തുതിക്കാനും ആരാധിക്കാനും കൂടുതൽ ശ്രദ്ധ ഉണ്ടാകുകയും ചെയ്യും. എന്നിട്ടും ആരെങ്കിലും അതിൽതന്നെ ഉറച്ചുനിന്നാൽ, പിടിവാശിയോടെ നിന്നാൽ അല്ലാഹു നിങ്ങൾക്ക് ഒരു വിലയും കല്പിക്കുന്നില്ല. നിങ്ങളെപ്പോലുള്ള അനുസരണമില്ലാത്തവനെ സഹായിക്കണമെന്ന ഒരുദ്ദേശ്യവും അല്ലാഹുവിനില്ല. അവൻ പറയുന്നു:

قُلْ مَا يَعْبَأُ بِكُمْ رَبِّي لَوْلَا دُعَاؤُكُمْ فَقَدْ
كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا (25:78)

"പറയുക, നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തുവിലവെക്കാനാണ്! എന്നാൽ നിങ്ങൾ സത്യത്തെ നിഷേധിച്ചുകളഞ്ഞു. അതിനാൽ അത് (ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്) നിങ്ങളെ പിടികൂടുക തന്നെ ചെയ്യും."

ഇതിൽനിന്ന്, നമ്മുടെ ആരാധന അല്ലാഹുവിന് ആവശ്യമില്ലെന്ന് വ്യക്തമായി. എന്നുമാത്രമല്ല,

നിങ്ങൾക്കാണ് ആവശ്യം. നിങ്ങൾ നിഷേധിച്ചിരിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെ വിലവെക്കുകയില്ല. ഇനി ശിക്ഷ ഏല്ക്കാൻ നിങ്ങൾ തയ്യാറായിരിക്കും. അത് അവന്റെ അവകാശമാണ്. കാരണം അവൻ ഉടമയാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മറ്റുള്ളവർക്ക് ഫലമെത്തിക്കുന്നവനേ പരിപൂർണ്ണനായ ദാസനായിരിക്കുകയുള്ളു. '*ഖുൽമാ യഅ്ബഉ ബിക്കും റബ്ബീ ലൗലാ ദുആക്കും*'. നീ അവരോടു പറയുക. നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തുവിലവെക്കാനാണ്. മറ്റുവാക്കുകളിൽ, ആരാധിക്കുന്നവനെ വിലവയ്ക്കുന്നു എന്നും പറയാം. ആരാധിക്കുന്നവന്റെ കാര്യം അവൻ അംഗീകരിക്കുന്നു. അവന്നായി എഴുന്നേറ്റു നില്ക്കുന്നു. ശത്രുക്കളിൽനിന്ന് സുരക്ഷിതനാക്കിവയ്ക്കുന്നു.

തന്റെ ഒരു സ്വപ്നം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം ദൈവികാരാധനയാണ്. എന്നാൽ അവൻ തന്റെ പ്രകൃതിയെ പുറമെ നിന്നുള്ള കാരണങ്ങളും ബാഹ്യമായ ബന്ധങ്ങളും കൊണ്ട് മാറ്റിമറിച്ച് വ്യർത്ഥമാക്കുന്നു. അതായത് ആരാധനയുടെ ഉദ്ദേശ്യം മുകളിൽ പറഞ്ഞതാണ്. എന്നാൽ, പുറമെനിന്നുള്ള സ്വാധീനം അവന്റെ മേലുണ്ടാകുകയും അവന്റെ സഹജമായ ചിന്താഗതിയെ വ്യർത്ഥമാക്കിക്കളയുകയും ചെയ്താൽ അല്ലാഹു അവനെ വിലവെക്കുകയില്ല. ഇതിലേക്കാണ് *ഖുൽ മാ യഅ്ബഉ ബിക്കും റബ്ബി ലൗലാ ദുആക്കും* എന്ന വചനം സൂചന നല്കുന്നത്. ഞാനൊരുകാര്യം മുമ്പേ പറഞ്ഞിട്ടുള്ളതാണ്. ഞാനൊരു സ്വപ്നത്തിൽ കണ്ടു. ഞാനൊരു വനത്തിൽ നില്ക്കുകയാണ്. കിഴക്കുപടിഞ്ഞാറായി അതിൽ വലിയൊരു കാന ഒഴുകുന്നുണ്ട്. അതിന്റെ അരികിൽ ചെമ്മരിയാടുകളെ കിടത്തിയിരിക്കുന്നു. ഓരോ ആടിന്റെയടുക്കലും ഒരു കശാപ്പുകാരൻ നില്ക്കുന്നുണ്ട്. അവരുടെ കൈയിൽ കത്തിയുണ്ട്. അത് ആടുകളുടെ കഴുത്തുകളിൽ വെച്ചിരിക്കുകയാണ്. ആകാശത്തിലേക്ക് അവർ മുഖം ഉയർത്തിയിരിക്കുന്നു. (അതായത് അതിനെക്കുറിച്ചുള്ള കല്പന കാത്തിരിക്കുകയാണ് അവർ) ഞാൻ അവയുടെ അടുത്തു കൂടി ഉലാത്തുകയാണ്. അവരുടെ ഇരിപ്പുകണ്ടപ്പോൾ അവർ ദൈവകല്പന പ്രതീക്ഷിച്ചിരിക്കുകയാണെന്ന് എനിക്കു മനസ്സിലായി. അപ്പോൾ ഞാൻ *ഖുൽ മാ യഅ്ബഉ ബിക്കും റബ്ബി ലൗലാ ദുആഉക്കും* എന്ന വചനം ഓതി. ഇതു കേട്ടുടനെ അവർ ക്ഷണത്തിൽ അറുക്കാൻ തുടങ്ങി. അവർ പറഞ്ഞു: 'ചണ്ടി തിന്നു ജീവിക്കുന്ന ജീവികളല്ലേ നിങ്ങൾ, അല്ലാതെ നിങ്ങൾക്കെന്താണ് വില.'

ചുരുക്കത്തിൽ അല്ലാഹു തആല മുത്തഖിയുടെ ജീവിതത്തെ വിലമതിക്കുന്നു. അവന്റെ അമരത്തം പ്രിയപ്പെട്ടതായി കാണുന്നു. അതിനെതിരിൽ നടക്കുന്നവനെ അവൻ ഗൗനിക്കുന്നില്ല. എന്നുമാത്രമല്ല, അവനെ നരകത്തിലിടുന്നു. അതുകൊണ്ട് ഓരോരുത്തരും ശയ്ത്വാന്റെ അടിമത്തത്തിൽനിന്ന് തങ്ങളെ മോചിപ്പിക്കേണ്ടത് നിർബന്ധമാണ്. ക്ലോറോഫോം മുഖേന മയക്കം വരുന്നതുപോലെ ശയ്ത്വാൻ മനുഷ്യനെ നശിപ്പിക്കുന്നു. അവനെ അശ്രദ്ധയുടെ ഉറക്കത്തിലാകുന്നു. അതിൽ അവനെ നശിപ്പിക്കുകയും ചെയ്യുന്നു.

ഇവിടെ സ്വപ്നത്തിൽ കാണിച്ചത്, ആരാധനാകർമ്മങ്ങളനുഷ്ഠിക്കാത്തവരുടെ നില ഒരു ആടിനെക്കാൾ കുറവാണെന്നാണ്. മൃഗങ്ങളെപ്പോലെയാണ് അവരുടെ അവസ്ഥ. അവർക്കെന്തെങ്കിലും നഷ്ടമുണ്ടായാൽ അല്ലാഹു ആ ഭാഗത്തേക്കുതന്നെ നോക്കുകയില്ല. ഒരിക്കലും സംരക്ഷിക്കുകയില്ല. മറിച്ച്, അവർ നരകത്തിലിടപ്പെടുമെന്ന് അവിടന്ന് പറഞ്ഞു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് നുഅ്മാൻബിൻ ബശീർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ദുആ തന്നെയാണ് വാസ്തവത്തിൽ ആരാധന'. പിന്നീട് നബി(സ) ഈ ഖുർആനിക വചനമോതി.

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ
(40:61) يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

"നിങ്ങളുടെ നാഥൻ പറയുന്നു, നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും. എന്നെ ആരാധിക്കുന്നതുവിട്ട് അഹംഭാവം കാണിക്കുന്നവർ നിന്ദ്യരായി നരകത്തിൽ പതിക്കുക തന്നെ ചെയ്യും".

അഹങ്കാരികളാണ് തങ്ങൾ ഉന്നതരാണെന്ന് മനസ്സിലാക്കുന്നവർ. അല്ലെങ്കിൽ ആരുടെയുള്ളിലാണോ ശയ്ത്വാൻ കയറിയിരിക്കുന്നത് അവരാണ് തങ്ങളെ ഉന്നതരെന്ന് കരുതുന്നത്. ശയ്ത്വാൻ അത്തരം ചിന്താഗതികൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കാരണം തലയിൽ ശയ്ത്വാനാണിരിക്കുന്നത്. ഏതുസമയത്തും ശയ്ത്വാൻ പിടികൂടാൻ ഇടയുള്ളതുകൊണ്ട് ഓരോ അഹ്മദിയും ഇസ്തിഗ്ഫാർ ചെയ്യേണ്ട ഒരുപാട് ആവശ്യമുണ്ട്; നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി.

അല്ലാഹുവിൽനിന്ന് നബി(സ) ഉദ്ധരിക്കുന്നതായി അബൂദർദ് (റ) നിവേദനം ചെയ്യുന്നു: തീർച്ചയായും അല്ലാഹു പറഞ്ഞു: എന്റെ അടിമകളേ! ഞാൻ ആരേയും ആക്രമിക്കുകയില്ല. നിങ്ങളും ആരെയും ആക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്. എന്റെ അടിമകളേ! ഞാൻ സന്മാർഗ്ഗദർശനം ചെയ്തില്ലെങ്കിൽ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. നിങ്ങളെന്നോട് സന്മാർഗം തേടുക. ഞാൻ നിങ്ങളെ സന്മാർഗികളാക്കുന്നതാണ്. എന്റെ അടിമകളേ! ഞാൻ തീറ്റിയിട്ടില്ലെങ്കിൽ നിങ്ങളെല്ലാം വിശന്നുവലയുന്നവരാണ്. നിങ്ങളെന്നോട് ഭക്ഷണമാവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ആഹാരം തരുന്ന

താണ്. എന്റെ അടിമകളേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോട് വസ്ത്രമാവശ്യപ്പെടുക. ഞാൻ നിങ്ങൾക്ക് ധരിപ്പിക്കാം. എന്റെ അടിമകളേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നു. നിങ്ങളെന്നോട് പാപമോചനം തേടുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം. എന്റെ അടിമകളേ! ഒരിക്കലും നിങ്ങൾക്കെന്നെ ബുദ്ധിമുട്ടിക്കാൻ സാധിക്കുന്നതല്ല. അതിന് നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങളെന്നെ ബുദ്ധിമുട്ടിക്കുമായിരുന്നു. അപ്രകാരം തന്നെ എനിക്കെന്തെങ്കിലും ഉപകാരം ചെയ്യാനും നിങ്ങൾക്കു കഴിയുകയില്ല. അതിനു കഴിയുമെങ്കിൽ നിങ്ങളെനിക്ക് എന്തെങ്കിലും പ്രയോജനം ചെയ്യുമായിരുന്നു. എന്റെ അടിമകളെ! നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യവർഗ്ഗവും ജിന്ന് വർഗ്ഗവും (എല്ലാംകൂടി) നിങ്ങളിലേറ്റവും ഭക്തനായ ഒരു മനുഷ്യന്റെ മനസ്സുപോലെ ആയിത്തീർന്നാൽ പോലും അതെന്റെ അധികാരാധിപത്യത്തിൽ ഒന്നും വർധിപ്പിക്കുകയില്ല; തീർച്ച തന്നെ. എന്റെ അടിമകളേ! നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യവർഗ്ഗവും ജിന്ന് വർഗ്ഗവും (ഒരുമിച്ചുചേർന്ന്) നിങ്ങളിൽ ഏറ്റവും ക്രൂരനായ ഒരൊറ്റ ധിക്കാരിയെപ്പോലെ ആയിത്തീർന്നാലും അതൊന്നും എന്റെ അധികാരാധിപത്യത്തിൽ അല്പം പോലും കുറവുവരുത്തുകയില്ല. എന്റെ അടിമകളേ! നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യനും ജിന്നും ഒരേ മൈതാനിയിൽ ഒരുമിച്ചുകൂടി എന്നോടു പ്രാർത്ഥിക്കുകയും അവരുടെ ആവശ്യങ്ങൾ ഞാൻ നിറവേറ്റുകയും ചെയ്താൽ തന്നെ സൂചി സമുദ്രത്തിലിട്ടാൽ കുറയുപോലെയല്ലാതെ എന്റെ പക്കലുള്ള ഒന്നിനെയും അതു കുറക്കുകയില്ല. എന്റെ അടിമകളേ! നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഞാൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് നിങ്ങൾക്കതിന്റെ പ്രതിഫലം ഞാൻ പൂർത്തീകരിച്ചുതരും. (അല്ലാഹുവിന് അതിന്റെ ആവശ്യമില്ലെന്ന് അല്ലാഹു പറയുന്നു.) ആയതുകൊണ്ട് വല്ല നേട്ടങ്ങളും ആർക്കെങ്കിലും ലഭിച്ചാൽ അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ആർക്കെങ്കിലും വിപത്ത് സംഭവിച്ചാൽ അവനെത്തനെ അവൻ ആക്ഷേപിച്ചുകൊള്ളുകയും ചെയ്യട്ടെ.

സഈദ് പറയുന്നു. അബൂഇദ്‌രീസ് ഈ ഹദീസുദ്ധരിക്കുമ്പോൾ മുട്ടുകുത്തി വീഴാറുണ്ടായിരുന്നു.

അതുകൊണ്ട് ഇവിടെ പറഞ്ഞത്, സ്തുതിക്കുകയാണെങ്കിൽ ആ സ്തുതി ആരാധനയാണെന്നാണ്. എത്രത്തോളം അല്ലാഹുവിനെ സ്തുതിക്കുവാൻ ശ്രദ്ധിക്കുമോ അത്രയേറെ ആരാധനയിലേക്ക് ശ്രദ്ധിക്കുന്നതാണ്. പറഞ്ഞു: ആരാധിക്കുന്നില്ലെങ്കിൽ അല്ലാഹുവിന് ഒന്നും സംഭവിക്കാനില്ല. കാരണം ലോകം മുഴുവനുമുള്ള മനുഷ്യർ, കഴിഞ്ഞുകടന്നവരും ഇപ്പോൾ ഉള്ളവരും ഇനിവരാൻ പോകുന്നവരുമെല്ലാം മുത്തഖിയായാലും, ഒരു മുത്തഖിയായ മനുഷ്യനെപ്പോലെ ആയിത്തീർന്നാലും, അല്ലാഹുവിന്റെ ഭരണാധിപത്യത്തിൽ അതുകൊണ്ട് ഒരു വർധനയും ഉണ്ടാകുകയില്ല. അല്ലാഹു പറയുന്നു, എനിക്കതുകൊണ്ട് ഒരു വ്യത്യാസവും വരികയില്ല. സൂചി സമുദ്രത്തിൽ മുക്കിയെടുത്താൽ അതിൽ എത്രത്തോളം വെള്ളം ഉണ്ടാകുമോ അത്രപോലും കുറവ് ഉണ്ടാകുകയില്ല.

എല്ലാവരും പാപങ്ങളിൽ അകപ്പെട്ടാലും എന്റെ ഭരണാധിപത്യത്തിന് ഒരു കോട്ടവും തട്ടുകയില്ല. ഇതെല്ലാം നിങ്ങളുടെ ഗുണത്തിനുവേണ്ടിയാണ്. നിങ്ങളുടെ ഇഹലോകവും പരലോകവും ഐശ്വര്യപൂർണ്ണമാകുന്നതിനുവേണ്ടിയാണ് നിങ്ങളെന്നെ ആരാധിക്കുന്നത്. നിങ്ങളെന്റെ മുമ്പിൽ കുനിയുന്നത്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'മനുഷ്യൻ തന്റെ റബ്ബിനോട് ഏറ്റവും അടുത്തുണ്ടാകുന്നത് അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് സുജൂദിൽ ഒരുപാട് ദുആ ചെയ്യുക.'

ഇത് ആരാധനയുടെ രീതിയാണ്. നമസ്കരിക്കുന്നവൻ സുജൂദും ചെയ്യും. നമസ്കാരത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരത്തിൽ സുജൂദിലായിരിക്കുമ്പോൾ ഏറ്റവും കൂടുതൽ ദുആ ചെയ്യാൻ പറഞ്ഞിരിക്കുന്നു. കാരണം നമസ്കാരം തന്നെയാണ് ആരാധനയുടെ കാമ്പ്. നമസ്കാരത്തിലും, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള ഏറ്റവും നല്ല അവസ്ഥ സുജൂദാണ്. അങ്ങേയറ്റം താഴ്മയോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ മനുഷ്യൻ അവന്റെ തലവയ്ക്കുന്നു. അവനോട് യാചിക്കുന്നു. കേണപേക്ഷിക്കുന്നു. ഈ അവസ്ഥയിലാണ് മനുഷ്യൻ എന്നോട് ഏറ്റവും അടുത്തതെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് സുജൂദിൽ ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തെയും കാരുണ്യത്തേയും ആവേശം കൊള്ളിക്കുന്ന ആ അവസ്ഥയിൽ അല്ലാഹുവിനോട് ചോദിക്കുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എല്ലാ സമയത്തും അവനിലേക്ക് മടങ്ങേണ്ട ആവശ്യമുണ്ട്. അവനിലേക്ക് എപ്പോഴും ശ്രദ്ധിക്കാത്തിടത്തോളംകാലം സത്യവിശ്വാസിയുടെ ജീവിതം നല്ല രീതിയിൽ നീങ്ങുകയില്ല. ഇക്കാര്യത്തിൽ ആരും ചിന്തിക്കുന്നില്ലെങ്കിൽ ദീനീപരമായ ദൃഷ്ടിയാൽ അതിന് ശക്തി നല്കുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ അവന്റെ എന്തെങ്കിലും പ്രവൃത്തി നിറവേറ്റപ്പെടുമോ എന്ന് അവൻ തന്റെ ഭൗതികമായ കാര്യങ്ങളിൽത്തന്നെ ദൃഷ്ടിപായിച്ച് നോക്കട്ടെ. ഭൗതികമായ എന്തെങ്കിലും കാര്യം അവന് നേടിയെടുക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ദീനാണെങ്കിലും ദുൻയാവാണെങ്കിലും ഓരോ കാര്യത്തിലും അവന്

അല്ലാഹുവിന്റെ സത്തയുടെ വലിയ ആവശ്യമുണ്ട്. എപ്പോഴും അവനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. അവനെ നിഷേധിക്കുന്നവൻ, കഠിനമായ തെറ്റിലാണുള്ളത്. നിങ്ങൾ അവനെ ശ്രദ്ധിക്കുകയോ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുന്നത് അവനൊരു പ്രശ്നമേയല്ല. അവൻ പറയുന്നു: *ഖുൽ മാ യഅ്ബഉ ബിക്കും റബ്ബി ലൗലാ ദുആഉക്കും* നിങ്ങൾ അവനിലേക്ക് മടങ്ങുകയാണെങ്കിൽ, നിങ്ങൾക്കാണ് അതുകൊണ്ട് നേട്ടം. മനുഷ്യൻ എത്രത്തോളം തന്നെ ഫലപ്രദവും ഉപയോഗമുള്ളവനുമായി സ്ഥാപിച്ചു കാണിക്കുന്നുവോ അത്രത്തോളം അവന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതാണ്. നോക്കുക, ഒരു മൂരി അതിന്റെ ഉടമയ്ക്ക് എത്രത്തോളം പ്രിയപ്പെട്ടതാണെങ്കിലും, ആ ഉടമയ്ക്ക് ഉപകാരമില്ലാത്തതായാൽ, വണ്ടി വലിക്കാനോ നിലം ഉഴാനോ വെള്ളം വലിക്കാനോ സാധിക്കാതെവന്നാൽ അവസാനം അതിനെ അറുക്കുകയല്ലാതെ മറ്റ് ഒന്നിനും പറ്റുകയില്ല.

ഇവിടെയും, ഒന്നിനും പറ്റാത്ത മൃഗങ്ങളെ അറുക്കുകയാണ് ചെയ്യുന്നത്. പറഞ്ഞു: ഒരു നാൾ ഉടമസ്ഥൻ അതിനെ കശാപ്പുകാരന്റെ കൈയിൽ ഏല്പിക്കും. അതുപോലെതന്നെ ദൈവമാർഗ്ഗത്തിൽ ഫലപ്രദനല്ലാത്ത മനുഷ്യനെ സംബന്ധിച്ചിടത്തോളം അല്ലാഹു ഒരിക്കലും അവന്റെ ഉത്തരവാദിയല്ല. ഒരു പഴം നല്കുന്നതും തണൽ വിരിക്കുന്നതുമായ മരത്തെപ്പോലെ മനുഷ്യൻ തന്നെ ആക്കിത്തീർക്കേണ്ടതാണ്; ഉടമസ്ഥൻ സംരക്ഷിച്ചുനിറുത്തുന്നതിനുവേണ്ടി. എന്നാൽ, ഫലം നല്കാത്തതും ഇലയില്ലാത്തതുമായ മരത്തെപ്പോലെയാണെങ്കിൽ, അതു മുറിച്ചു കളയുകയല്ലാതെ പിന്നെന്തു പ്രയോജനം. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് അവനെകുറിച്ചുള്ള ജ്ഞാനവും സാമീപ്യവും കരസ്ഥമാക്കാനാണ്.

'*മാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാലിയ അ്ബുദൂൻ*'. ഈ യഥാർത്ഥ ഉദ്ദേശ്യത്തെ മുന്നിൽ കാണാത്തവനോടും രാപകൽ ദുൻയാവ് കരസ്ഥമാക്കാൻ മുഴുകുന്നവനോടും, – ഇന്നസ്ഥലം വാങ്ങണം, വീടുണ്ടാക്കണം, ഇന്ന സ്വത്തിന്റെ മേൽ അവകാശം വേണം എന്ന ചിന്താഗതിയോടെ നടക്കുന്നവനോടും – കുറച്ചുനാൾ അവധികൊടുത്തു തിരിച്ചുവിളിക്കുകയല്ലാതെ, അല്ലാഹു പിന്നെങ്ങനെ പെരുമാറാനാണ്. അല്ലാഹുവിനെ കിട്ടുന്നതിനുവേണ്ടി മനുഷ്യന്റെ ഹൃദയത്തിൽ ഒരു വേദനയുണ്ടാകണം. ഇക്കാരണത്താൽ, അവന്റെ പക്കൽ ആ മനുഷ്യൻ അംഗീകരിക്കപ്പെടുന്ന ഒരു വസ്തുവായി മാറുന്നതാണ്. ഈ വേദന അവന്റെ ഹൃദയത്തിലില്ലെങ്കിൽ, ദുൻയാവിനോടും അതിലുള്ളതിനോടും മാത്രമാണ് വേദനയെങ്കിൽ, അവസാനം കുറച്ച് ആയുസ്സുകിട്ടി അവൻ നശിച്ചൊടുങ്ങുന്നതാണ്. അല്ലാഹു നീട്ടികൊടുക്കുന്നത് അവൻ ക്ഷമയുള്ളവനായതുകൊണ്ടാണ്. എന്നാൽ, അവന്റെ ക്ഷമയിൽനിന്ന് സ്വയം ഫലമെടുക്കാത്തവനോട് അവനെന്താണ് ചെയ്യേണ്ടത്. അതുകൊണ്ട്, മനുഷ്യന്റെ ഭാഗ്യം നിലകൊള്ളുന്നത് അവനുമായി കുറച്ചുബന്ധം വയ്ക്കുന്നതിലാണ്. എല്ലാ ആരാധനയുടെയും കേന്ദ്രബിന്ദു മനസ്സാണ്. ആരാധിക്കുന്നുണ്ട്, പക്ഷേ, മനസ്സ് അല്ലാഹുവിലേക്ക് തിരിയുന്നില്ലെങ്കിൽ ആ ആരാധന എന്തുപ്രയോജനപ്പെടാനാണ്. അതുകൊണ്ട് മനസ്സ് പൂർണ്ണമായും അവനിലേക്ക് തിരിയേണ്ടത് നിർബന്ധമാണ്".

അല്ലാഹുതആല നമ്മെ എപ്പോഴും സാത്താനിക ദുർബോധനങ്ങളിൽനിന്നും വിചാരങ്ങളിൽനിന്നും രക്ഷപ്പെടുത്തുമാറാകട്ടെ. അല്ലാഹു ആരാധനവെച്ചുകൊണ്ട് നമ്മെ ബുദ്ധിമുട്ടിലകപ്പെടുത്തിയിരിക്കുന്നു എന്ന വിചാരം ഒരിക്കലും നമ്മുടെ മനസ്സിൽ ഉണ്ടാകാതിരിക്കട്ടെ. നമ്മുടെ കണ്ണിന്റെ കുളിർമ നമ്മുടെ ആരാധനകളിൽ തേടുന്നവരായി നാം തീരട്ടെ. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**03 - 12 - 2004**
**at**
**Baithul Futuh, London.**

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**PHONE : 98465 02288**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**

# <u>അറിയിപ്പ്</u>

2004-2005 ലെ അദ്ധ്യയനവർഷത്തിൽ പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും 80% മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരാകുന്നതാണ്.

- മെട്രികുലേഷൻ 80% മാർക്കോടുകൂടി പാസ്സാകുന്ന വിദ്യാർത്ഥികൾക്കു മാസത്തിൽ 200/- (വർഷത്തിൽ 2400/- പ്രകാരം) തോതിൽ സ്കോളർഷിപ്പ് നല്കപ്പെടുന്നതാണ്.
- പ്ലസ് ടു 80% മാർക്കോടുകൂടി പാസ്സാകുന്ന വിദ്യാർത്ഥികൾക്കു മാസത്തിൽ 300/- (വർഷത്തിൽ 3600/- പ്രകാരം) തോതിൽ സ്കോളർഷിപ്പ് നല്കപ്പെടുന്നതാണ്.

ഇങ്ങനെയുള്ള വിദ്യാർത്ഥികൾ താഴെപ്പറയുന്ന സ്ഥിതിവിവരം എഴുതി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(1) പുതിയ ക്ലാസ്സിൽ പ്രവേശിച്ചതിനുള്ള സ്കൂൾ / കോളേജ് സർട്ടിഫിക്കറ്റ്.

(2) പരീക്ഷ പാസ്സായതിനുള്ള സാക്ഷ്യപത്രമെന്നോണം മാർക്ക് കാർഡ് ചേർക്കേണ്ടതാണ്. മാർക്ക് കാർഡിന്റെ ഇരുപുറങ്ങളും സാക്ഷ്യപ്പെടുത്തിയതായിരിക്കണം.

- എജ്യുക്കേഷണൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ലോക്കൽ അമീർ/പ്രസിഡന്റ് വഴി അയക്കേണ്ടതാണ്.
- മിഡിൽ പാസ്സാകുന്ന വിദ്യാർത്ഥികൾ ഈ വകുപ്പിൽപ്പെടുന്നതല്ല. അതായത് അവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.
- മെട്രികുലേഷൻ / പ്ലസ് ടുവിനുശേഷം പഠനം നിറുത്തുന്നവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.

ഈ സർക്കുലറിനെക്കുറിച്ച് എല്ലാ സഹോദരന്മാരെയും മുഅല്ലിമീങ്ങളെയും മുബല്ലിഗീങ്ങളെയും പ്രസിഡന്റുമാരെയും അറിയിക്കുവാനപേക്ഷ.

**നാസിം തഅ്ലിം**
**ഖാദിയാൻ**